സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരി/
ഡോ. എസ്.ക്യു.ആർ ഇൽയാസ്



# 'ആഭ്യന്തര സംസ്കരണത്തിനും ഇസ്‌ലാമിക പ്രബോധനത്തിനും മുൻഗണന നൽകും'

**പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ മൗലാനാ സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരിയുമായി ഡോ. എസ്.ക്യു.ആർ ഇൽയാസ് നടത്തിയ അഭിമുഖത്തിൽനിന്ന്:**

**? ജമാഅത്തെ ഇസ്‌ലാമി ഹിന്ദിനു മുമ്പിൽ വിപുലമായ കർമപദ്ധതികളും വ്യത്യസ്ത പ്രവർത്തന മേഖലകളുമുണ്ട്. ഇവയിൽ ഏതിനാണ് മുൻഗണന നൽകുക?**

പ്രസ്ഥാനത്തിന്റെ ആഭ്യന്തരരംഗത്തിന് മുൻഗണന നൽകും. പ്രസ്ഥാന ഘടന ഭദ്രവും ശക്തവുമാക്കാൻ ശ്രമിക്കും. ജമാഅത്തിന്റെ മഹത്തായ ലക്ഷ്യത്തിനനുസരിച്ച വൈജ്ഞാനികവും ചിന്താപരവും കർമപരവുമായ ഉദ്ദിഷ്ട നിലവാരത്തോടടുക്കാൻ പ്രവർത്തകർക്ക് സാധിക്കണം. ഏതു ദീനിലേക്കാണോ അവർ ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത് അവരുടെ വാക്കും പ്രവൃത്തിയും ആ ദീനിനനുസൃതമായിരിക്കേണ്ടതുണ്ട്.

ആയിരത്തിലധികം വർഷമായി ഇന്ത്യയിൽ മുസ്‌ലിംകളുണ്ട്. പക്ഷേ, ഇസ്‌ലാമിനെ ശരിയായ അർഥത്തിൽ സമർപ്പിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. നമ്മുടെ മുമ്പിലുള്ള രണ്ടാമത്തെ പ്രധാന വിഷയമാണിത്. ചില ദുശ്ശക്തികൾ ഇസ്‌ലാമിനെ വികൃതമായി ചിത്രീകരിക്കാൻ ബോധപൂർവം ശ്രമിക്കുന്നുണ്ടെന്നത് ശരിതന്നെ. പക്ഷേ, രാജ്യത്തെ ബഹുഭൂരിപക്ഷത്തിനും ഇസ്‌ലാമിനെ കുറിച്ച് അറിയില്ല എന്നത് മറ്റൊരു സത്യമാണ്. ഇസ്‌ലാമിനെ കരിവാരിത്തേക്കാനുള്ള ഒരവസരവും ശത്രുക്കൾ പാഴാക്കുന്നുമില്ല. ഇസ്‌ലാമിനെ കുറിച്ച തെറ്റായ വീക്ഷണം തിരുത്താൻ നാം ശ്രമിക്കുന്നില്ലെങ്കിൽ ഭൂരിപക്ഷം ജനങ്ങളും മുസ്‌ലിംകളെ ശത്രുക്കളായായിരിക്കും കാണുക. നാമൊരിക്കലും മാപ്പുസാക്ഷികളുടെ സ്വഭാവം സ്വീകരിക്കേണ്ടതില്ല. നമ്മുടെ നാട്ടുകാരെ ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകചരിത്രത്തെക്കുറിച്ചും ശരിയായ ധാരണയുള്ളവരാക്കിയാൽ മതി.

സാധാരണക്കാർ ഇവിടെ എണ്ണമറ്റ പ്രശ്നങ്ങൾ നേരിടുന്നു. ശുദ്ധജലത്തിന്റെയും ശുദ്ധ വായുവിന്റെയും ദൗർലഭ്യം മുതൽ പട്ടിണിയും തൊഴിലില്ലായ്മയും വരെ. നമ്മുടെ മുമ്പിലുള്ള മൂന്നാമത്തെ വിഷയമാണിത്. ഈ പ്രശ്നങ്ങൾ മുഴുവൻ ഒറ്റയടിക്ക് പരിഹരിക്കാൻ സാധിക്കില്ല. ഗവൺമെന്റിനു പോലും അത് പ്രയാസകരമാണ്. എങ്കിലും ഇവയിൽ ചില പ്രശ്നങ്ങൾ തീർച്ചയായും നാം മുൻഗണനാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നതാണ്. മുസ്‌ലിംകൾക്കുതന്നെ ധാരാളം പ്രശ്നങ്ങളുണ്ട്. അവയിൽ ചിലത് പരിഹരിക്കാൻ കൂട്ടായ ശ്രമങ്ങൾ ആവശ്യമാണ്. സമുദായത്തിലെ ചില സംഘടനകൾ മുഖ്യ ശ്രദ്ധ നൽകുന്നവയാണ് മറ്റു ചില പ്രശ്നങ്ങൾ. അത്തരം പ്രശ്നങ്ങളിൽ നാം അവയുമായി സഹകരിക്കും. സമുദായത്തിലെ ഏതാണ്ടെല്ലാ സംഘടനകളും പരിശ്രമിച്ചിട്ടും ഇനിയും പൂർണമായി പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളും മുസ്‌ലിംകൾ അഭിമുഖീകരിക്കുന്നുണ്ട്. മതപരവും ഭൗതികവുമായ വിദ്യാഭ്യാസം, ദാരിദ്ര്യ നിർമാർജനം തുടങ്ങിയവ ഉദാഹരണം. പ്രസ്ഥാനത്തിന്റെ ആൾബലത്തിന്റെയും ഭൗതികവിഭവങ്ങളുടെയും അടിസ്ഥാനത്തിൽ സാധ്യമായ രീതിയിൽ ഈ വിഷയത്തിൽ ഒരു പദ്ധതി തയാറാക്കി നടപ്പിലാക്കും.

**? സമുദായത്തിന്റെ ചില സുപ്രധാന ഭൗതികപ്രശ്നങ്ങൾക്ക് ജമാഅത്ത് ഇനി കൂടുതൽ ശ്രദ്ധ നൽകുമെന്നാണോ?**

സമുദായത്തിന്റെ പ്രശ്നങ്ങൾ ജമാഅത്ത് തത്ത്വത്തിൽ ഒരിക്കലും നിഷേധിച്ചിട്ടില്ല. പ്രായോഗികമായി ഈ രംഗത്ത് വളരെയേറെ മുന്നേറാൻ കഴിഞ്ഞില്ലെന്നു മാത്രം. മതപരമായും ധാർമികമായും സമുദായത്തെ ഉന്നത സ്ഥാനത്തെത്തിക്കുക സുപ്രധാന വിഷയമാണ്. ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ ഖൈറു ഉമ്മത്ത് എന്ന് പറയുന്ന അവസ്ഥയിലേക്ക് സമുദായം ഉയരേണ്ടതുണ്ട്. ഈ പദവിയിലേക്കുയരാതെ മുസ്‌ലിംകളുടെ ഒരു സവിശേഷതയും ഇവിടെ അവശേഷിക്കില്ല.

**? മുസ്‌ലിം സമുദായത്തിന്റെ പ്രശ്നങ്ങൾക്ക് പുറമെ സമൂഹത്തെ പൊതുവായി ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളുമുണ്ടല്ലോ? അവയോട് ജമാഅത്തിന്റെ സമീപനമെന്തായിരിക്കും?**

ചില പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദേശങ്ങൾ മുന്നോട്ടുവെക്കുന്നതിലൂടെ അതു സംബന്ധമായ ഇസ്‌ലാമിക വീക്ഷണം കൂടി ജനങ്ങൾക്ക് മുമ്പിൽ സമർപ്പിക്കാൻ കഴിയും. അവക്ക് മുൻഗണന നൽകും. വിഭാഗീയ സംഘർഷവും ജാതീയതയുടെ അടിസ്ഥാനത്തിലുള്ള ചൂഷണവ്യവസ്ഥയും ഉദാഹരണം. ഇവയൊന്നും നല്ല കാര്യങ്ങളല്ല. സംസ്ഥാനങ്ങൾക്കിടയിലുള്ള തർക്കങ്ങളും ഭാഷയുടെയും വംശത്തിന്റെയും പേരിലുള്ള വൈരവും നാശകരമാണെന്നാണ് നമ്മുടെ നിലപാട്. മനുഷ്യനെ മനുഷ്യനായി കാണാനാണ് നമുക്ക് താൽപര്യം. തുകൽപണി ചെയ്യുന്നതിന്റെ പേരിൽ ആരെയെങ്കിലും അധമനായോ ബ്രാഹ്മണന്റെ വീട്ടിൽ ജനിച്ചതിന്റെ പേരിൽ ആരെയെങ്കിലും ഉന്നതനായോ നാം മനസ്സിലാക്കുന്നില്ല. വംശത്തിന്റെ അടിസ്ഥാനത്തിൽ ആളുകളെ ഉന്നതരും നീചരുമായി തരം തിരിക്കുന്ന കൃത്രിമ മാനദണ്ഡങ്ങളെയും തകർക്കേണ്ടതുണ്ട്. ഈ വീക്ഷണം നാം രാജ്യത്തെ ജനങ്ങൾക്കു മുമ്പിൽ ശക്തമായി അവതരിപ്പിക്കും.

ദാരിദ്ര്യം രാജ്യത്തിനു മുമ്പിലെ വലിയ പ്രശ്നമാണ്. എല്ലാതരം പുരോഗതികളോടൊപ്പവും ജനസംഖ്യയിൽ ഗണ്യമായൊരു വിഭാഗം ദാരിദ്ര്യരേഖക്കു താഴെ

യാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഏതാനും വ്യക്തികളുടെ പ്രശ്നമല്ല; രാജ്യത്തിന്റെ മുഴുവൻ ദുരന്തമാണ്. എല്ലാവർക്കും അന്നന്നത്തെ ആഹാരത്തിനുള്ള സംവിധാനമൊരുക്കേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണെന്നത് ജനങ്ങൾക്കു മുമ്പിൽ വരേണ്ടതുണ്ട്. ഇത്തരത്തിലുള്ള ചില അടിസ്ഥാന വിഷയങ്ങൾക്ക് ജമാഅത്ത് മുൻഗണന നൽകും.

**? ഭൗതികമായി നമ്മുടെ രാജ്യം അഭൂതപൂർവമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പക്ഷേ, ഈ പുരോഗതിയുടെ പ്രയോജനം അവശ, ദരിദ്ര വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ല. വിഭവങ്ങളുടെ നീതിരഹിതമായ വിതരണത്തിന്റെ ചിത്രം ഇങ്ങനെയാണ്: ലോകത്തെ ഭൗതികവിഭവങ്ങളുടെ തൊണ്ണൂറുശതമാനം കേവലം ഒരു ശതമാനം വ്യക്തികളുടെ കൈവശമാണ്. തൊണ്ണൂറ്റൊമ്പത് ശതമാനം ജനങ്ങൾക്കും അവശേഷിച്ച പത്തു ശതമാനം വിഭവങ്ങൾ മാത്രമാണുള്ളത്. ഈ അന്യായത്തിനും അക്രമത്തിനുമെതിരെ ജമാഅത്ത് ശബ്ദമുയർത്തുമോ? നിലവിലുള്ള സമ്പദ്വ്യവസ്ഥക്ക് ബദൽ സമർപ്പിക്കുമോ?**

ഇതു സംബന്ധമായി ഒരു വീക്ഷണമുള്ളത് കമ്യൂണിസത്തിന്റേതാണ്. ഇസ്‌ലാമിക വീക്ഷണത്തിനു കടകവിരുദ്ധമാണത്. അനുവദനീയമായ മാർഗങ്ങളിലൂടെ സാമ്പത്തിക പുരോഗതി നേടാം. പക്ഷേ, മറ്റുള്ളവരുടെ അവകാശങ്ങൾ കവരാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മർദിത വിഭാഗങ്ങളുടെയും മറ്റും അവകാശ സംരക്ഷണത്തിന് ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണെങ്കിൽ ജമാഅത്ത് അതിനെ പിന്തുണക്കും. നിങ്ങളുടെ സമ്പത്തിൽ ചോദിച്ചുവരുന്നവർക്കും ജീവിത മാർഗങ്ങൾ തടയപ്പെട്ടവർക്കും അവകാശമുണ്ടെന്ന് ഇസ്‌ലാം സമ്പന്നരെ ഉണർത്തുന്നു. ഇതിനുവേണ്ടിത്തന്നെയാണ് സകാത്ത് വ്യവസ്ഥയുമുള്ളത്. ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം വർധിക്കരുതെന്നാണ് ഇസ്‌ലാമിന്റെ സ്പിരിറ്റ്. അതുകൊണ്ടാണ് ഒരാളുടെ മരണശേഷം അയാളുടെ സമ്പത്ത് ഭാര്യമാരിലോ മൂത്ത പുത്രനിലോ പരിമിതമാകാതെ അനന്തരാവകാശികൾക്കിടയിൽ വീതിക്കപ്പെടുന്നത്. സമ്പത്ത് കുന്നുകൂട്ടി വെക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അനുവദനീയമല്ലാത്തതും നിയമവിരുദ്ധവുമായ മാർഗേണ സമ്പാദിക്കാൻ നാം ആരെയും അനുവദിക്കില്ല.

**? സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം താൽപര്യം സംരക്ഷിക്കുന്ന നിയമങ്ങൾ ഭരണകൂടം തന്നെ നിർമിക്കുന്നുണ്ട്. ഗവൺമെന്റിന്റെ അക്രമപരമായ ഇത്തരം സാമ്പത്തികനയങ്ങൾക്കെതിരെ ജമാഅത്ത് ശബ്ദമുയർത്തുമോ?**

ഒരു പ്രത്യേക വിഭാഗത്തിന്റെ താൽപര്യത്തിന് അനുഗുണവും സാധാരണക്കാരുടെ താൽപര്യത്തെ ഹനിക്കുന്നതുമായ നടപടികൾ സ്വീകരിക്കുന്നതായി ബോധ്യപ്പെടുമ്പോൾ അവക്കെതിരെ ജമാഅത്ത് ശബ്ദമുയർത്തുകയും ജനാഭിപ്രായം രൂപീകരിക്കുകയും ചെയ്യും. മാധ്യമങ്ങളിലൂടെ ഗവൺമെന്റിലും ജനങ്ങളിലും സ്വാധീനം ചെലുത്താനും ശ്രമിക്കും.

**? ഉദാരവത്കരണമെന്ന പേരിൽ നടപ്പാക്കപ്പെടുന്ന സാമ്പത്തിക നയങ്ങളുടെ ഗുണഫലം ഇന്ത്യയിലെ കോർപറേറ്റ് മേഖലക്കോ ബഹുരാഷ്ട്ര കമ്പനികൾക്കോ ആണ്. രാജ്യത്തിന്റെ സമ്പദ്രംഗം അവയുടെ പിടിയിലമർന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ചെറുകിട വ്യവസായങ്ങളും കച്ചവടങ്ങളും തകർന്നുകൊണ്ടിരിക്കുന്നു. പുതിയ സാമ്പത്തിക നയങ്ങളുടെയും ആഗോളീകരണത്തിന്റെയും ദുഷ്ഫലങ്ങൾക്കെതിരെ മുമ്പേപോലെ ജമാഅത്ത് ശബ്ദമുയർത്തുമോ?**

ബഹുരാഷ്ട്ര കമ്പനികളുടെ വരവ് സാമ്പത്തികമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സമ്പത്ത് മുഴുവൻ ഏതാനും വിദേശികളുടെ കൈകളിൽ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുകയാണ്. എങ്കിലും ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും ഫലങ്ങളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് സൂക്ഷ്മമായും ആഴത്തിലും പഠിക്കേണ്ടതുണ്ട്. ഈ വിഷയകമായി സാമ്പത്തിക വിദഗ്ധരുമായും ഇസ്‌ലാമിക പണ്ഡിതന്മാരുമായും കൂടിയാലോചനകൾ നടത്തേണ്ടതുണ്ട്.

**? വർഗീയശക്തികൾ അധികാരത്തിലേറുന്നത് തടയാനും രാജ്യത്തെ ജനാധിപത്യാന്തരീക്ഷം നിലനിർത്താനും ലക്ഷ്യമിട്ട് കഴിഞ്ഞ മീഖാത്തിൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയരംഗത്ത് ജമാഅത്ത് സജീവ പങ്കുവഹിക്കുകയുണ്ടായി. ഭാവിയിലും ജമാഅത്ത് രാഷ്ട്രീയരംഗത്ത് മുൻകൈയെടുത്ത് ഇടപെടുമോ?**

എല്ലാ ശ്രമങ്ങളുമുണ്ടായിട്ടും വർഗീയശക്തികളുടെ അപകട ഭീഷണി ഇപ്പോഴും നിലനിൽക്കുന്നു. ദൽഹി മുനിസിപ്പൽ കോർപറേഷൻ തെരഞ്ഞെടുപ്പ് ഫലം നോക്കുക. അതിനു മുമ്പ് പഞ്ചാബ്, ഉത്തരാഞ്ചൽ തെരഞ്ഞെടുപ്പുകളിലും വർഗീയശക്തികൾ പിടിമുറുക്കുകയുണ്ടായി. അതിനാൽ നാം നമ്മുടെ പരിശ്രമങ്ങൾ ഊർജിതമാക്കേണ്ടിയിരിക്കുന്നു. രാജ്യത്ത് ജനാധിപത്യ സാഹചര്യം നിലനിർത്താൻ നാം ശ്രമിക്കും. എല്ലാ വിഭാഗങ്ങൾക്കും അവരവരുടെ വീക്ഷണം സമർപ്പിക്കാനുള്ള അവസരമുണ്ടാകേണ്ടതുണ്ട്. അത് ഇല്ലാതാക്കാനാണ് വർഗീയ ശക്തികൾ ശ്രമിക്കുന്നത്. നിയമപരമായും ഭരണഘടനാനുസൃതമായും ഇതിനെ നേരിടും. തെരഞ്ഞെടുപ്പും അതിനുള്ള ഒരു മാർഗമാണ്.

**? തദ്ദേശ ഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ജമാഅത്ത് തീരുമാനിക്കുകയുണ്ടായി. തദ്ദേശ സ്ഥാപനങ്ങളെ ജനസേവനത്തിനുള്ള മേഖലയായി കാണുന്നതുകൊണ്ടാണോ ഈ തീരുമാനം?**

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിയമനിർമാണമില്ലാത്തതിനാൽ അവയിൽ പങ്കുവഹിക്കുന്നത് ശരീഅത്ത്‌വിരുദ്ധമല്ല. സാധാരണക്കാരുടെ ദൈനംദിന അടിസ്ഥാനാവശ്യങ്ങൾ ഈ സ്ഥാപനങ്ങളുടെ

## മുൻ അമീറുമാരുടെ സംഭാവനകൾ

"ഇത്ര വലിയ ഉത്തരവാദിത്വം വഹിക്കാൻ ഞാൻ അശക്തനാണ്. എങ്കിലും സഹപ്രവർത്തകർ എന്നിൽ ഈ ചുമതല അർപ്പിച്ചിരിക്കെ അവരുടെ പ്രതീക്ഷക്കൊത്തുയരാൻ ശ്രമിക്കും. മുൻ അമീർ ഡോ. അബ്ദുൽ ഹഖ് അൻസാരി പ്രസ്ഥാനത്തിന് വലിയ സംഭാവനയർപ്പിക്കുകയുണ്ടായി. ലക്ഷ്യം നിർണയിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും പദ്ധതികൾ ആസൂത്രണത്തോടെ നടപ്പാക്കുകയും പ്രസ്ഥാന പ്രവർത്തകരെ ഊർജസ്വലരാക്കുന്ന പുതിയ പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുവെന്നതാണ് അദ്ദേഹത്തിന്റെ എടുത്തുപറയേണ്ട സവിശേഷത എന്നാണ് എന്റെ വീക്ഷണം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജമാഅത്ത് ലക്ഷ്യമിട്ട കാര്യങ്ങളെല്ലാം പൂർത്തിയാക്കാൻ ശ്രമിക്കും. അതിനു മുമ്പ് മൗലാനാ മുഹമ്മദ് സിറാജുൽ ഹസൻ നേതൃത്വം വഹിച്ച കാലയളവിലും സുപ്രധാനമായ പല കാര്യങ്ങളും ചെയ്യുകയുണ്ടായി. പ്രബോധനരംഗത്ത് ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞു. മത, സാമൂഹിക രംഗങ്ങളിലെ പ്രമുഖരുമായി ബന്ധം സ്ഥാപിക്കുകയുണ്ടായി. ഇനിയും അത് തുടരാൻ ശ്രമിക്കുന്നതാണ്. ആദ്യ അമീർ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി സാഹിബ്, മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ് എന്നിവരുടെ സംഭാവനകളും മഹത്തായതാണ്."

(അഖിലേന്ത്യാ അമീർ *ദഅ്‌വത്ത്* പത്രാധിപർ പർവാസ് റഹ്‌മാനിക്ക് അനുവദിച്ച അഭിമുഖത്തിൽനിന്ന്. *ദഅ്‌വത്ത്* 2007 ഏപ്രിൽ 10)

മുന്നിലാണുള്ളത്. ജനസേവനത്തിനുള്ള ഒരു വേദി കൂടിയാണവ. ഈ വീക്ഷണത്തോടെയാണ് ജമാഅത്ത് അവയെ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്.

**? പക്ഷേ, ഏതാനും ചില സ്ഥലങ്ങളിൽ പരിമിതമായ സീറ്റുകൾ നേടിയതൊഴിച്ചാൽ ഈ രംഗത്ത് ജമാഅത്ത് കാര്യമായൊന്നും ചെയ്തിട്ടില്ല?**

അതിനാവശ്യമായ ഒരുക്കങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് കാരണം.

**? പ്രബോധനരംഗത്ത് കഴിഞ്ഞ അമ്പതു വർഷത്തിനിടയിൽ തൃപ്തികരമായ മുന്നേറ്റം നടത്താൻ സാധിക്കാതെ പോയത് എന്തുകൊണ്ടാണ്?**

അതിന് പല കാരണങ്ങളുണ്ട്. എങ്കിലും ഇസ്‌ലാമിക പ്രബോധനമാണ് അടിസ്ഥാന പ്രവർത്തനരംഗമെന്ന വീക്ഷണം ജമാഅത്ത് അതിന്റെ ഒന്നാം നാൾ തൊട്ട് മുറുകെപിടിച്ചുപോരുന്നതാണ്. ജമാഅത്തിന്റെ ആദ്യകാലം പരീക്ഷണങ്ങളും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു. നമ്മുടെ പരിമിതമായ മാനവവിഭവശേഷിയെ അപകടമായാണ് ഭരണകൂടം കണ്ടത്. ജമാഅത്ത് പ്രവർത്തകർക്ക്, വിശിഷ്യാ നേതാക്കൾക്ക് പ്രയാസകരമായ ഘട്ടങ്ങൾ തരണം ചെയ്യേണ്ടിവന്നു. അതിനാൽ സാധാരണക്കാർ ജമാഅത്തിനോടടുക്കാൻ മടിച്ചു. വിഭജനാനന്തരം മുസ്‌ലിംകൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന സാഹചര്യം അറിയാമല്ലോ. അക്കാലത്ത് ഭൗതികവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളെ പ്രാഥമിക മതപാഠശാലകളിലൂടെ ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ പഠിപ്പിക്കാനും അവരിൽ ഇസ്‌ലാമിക സ്വത്വബോധം വളർത്താനും ഇസ്‌ലാമികവിരുദ്ധമായ ബാഹ്യസ്വാധീനങ്ങളിൽനിന്ന് അവരെ മുക്തമാക്കാനുമായിരുന്നു നാം ശ്രമിച്ചിരുന്നത്. കഴിവിന്റെയും വിഭവങ്ങളുടെയും വലിയൊരു ഭാഗം അതിനായി ചെലവഴിക്കുകയുണ്ടായി. പ്രതികൂലവും കലാപകലുഷിതവുമായ ആ സാഹചര്യത്തിലും പ്രബോധനരംഗത്ത് പലതും ചെയ്യുകയുണ്ടായി. പ്രബോധനം ലക്ഷ്യംവെച്ച് ഹിന്ദിയിലും പ്രാദേശിക ഭാഷകളിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഉർദുവിലുള്ള പുസ്തകങ്ങൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി. ഹിന്ദിയിലും പ്രാദേശിക ഭാഷകളിലും ഖുർആൻ പരിഭാഷകൾ പുറത്തിറക്കി. പുതിയ ചിന്തകളെയും വീക്ഷണങ്ങളെയും കുറിച്ച കാഴ്ചപ്പാടും ഇതര മതങ്ങളെയും വേദങ്ങളെയും കുറിച്ച് വേണ്ടത്ര വിവരവുമുള്ള വ്യക്തികളെ പ്രബോധനരംഗത്തിറക്കാനും സാധിച്ചു. നമ്മുടെ വിഭവങ്ങളിൽ ഗണ്യമായൊരു ഭാഗം ഈ രംഗത്ത് ഉപയോഗപ്പെടുത്താൻ നമുക്ക് ഇന്ന് സാധിക്കും. ഇൻ ശാഅല്ലാഹ്, ഈ രംഗത്ത് ആസൂത്രിതമായ പദ്ധതികളിലൂടെ കൂടുതൽ മുന്നേറും.

**? ജനസേവനരംഗത്ത് വിപുലമായ ഒരു ദശവർഷ പദ്ധതിക്ക് ജമാഅത്ത് ഇപ്പോൾ തുടക്കം കുറിച്ചിട്ടുണ്ടല്ലോ?**

ഇസ്‌ലാം ആവശ്യപ്പെടുന്ന സുപ്രധാന വിഷയമാണ് ജനസേവനം. ഈ രംഗത്ത് ജമാഅത്ത് മുമ്പും പലതും ചെയ്തിട്ടുണ്ട്. അത് കൂടുതൽ വിപുലീകരിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്.

**? ജനങ്ങളുടെ ചിന്തകളിലും കാഴ്ചപ്പാടുകളിലും സമൂലമായ മാറ്റങ്ങൾ വരുത്താനുള്ള ശ്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. ജമാഅത്തെ ഇസ്‌ലാമി ഇതുവരെയും ഒരു ഉന്നത ഗവേഷണ സ്ഥാപനം സ്ഥാപിക്കാത്തത് എന്തുകൊണ്ടാണ്? ഭാവിയിൽ ഇത്തരത്തിലുള്ള വല്ല പദ്ധതിയുമുണ്ടോ?**

സാനവി ദർസ്ഗാഹ് (റാംപൂർ) ഈ ഉദ്ദേശ്യാർഥം സ്ഥാപിതമായതായിരുന്നു. പരിമിതമായ തോതിലാണെങ്കിലും അത് അക്കാലത്ത് മികവുറ്റ വ്യക്തിത്വങ്ങളെ ജമാഅത്തിന് സംഭാവന ചെയ്യുകയുണ്ടായി. ഇദാറെ തഹ്ഖീഖൊ തസ്നീഫിന്റെയും ഇസ്‌ലാമീ അക്കാദമിയുടെയും മുമ്പിലുള്ളതും ഇതേ പ്രവർത്തനമാണ്. പക്ഷേ, പല കാരണങ്ങളാൽ ഈ പ്രവർത്തനം വേണ്ടത്ര മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല. നിലവിലുള്ള സ്ഥാപനങ്ങളെ കൂടുതൽ ഭദ്രമാക്കാനും ആവശ്യമെങ്കിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനും ശ്രമിക്കും. പുതിയ പ്രശ്നങ്ങളെയും വെല്ലുവിളികളെയും വേണ്ടവിധം അപഗ്രഥിക്കാൻ കഴിഞ്ഞിട്ടില്ലെന്ന ബോധം നമുക്കുണ്ട്. മികച്ച ഒരു സംഘത്തെ അതിനായി സജ്ജമാക്കാൻ സാധിച്ചിട്ടില്ല. പുതിയ പ്രശ്നങ്ങളെ ആഴത്തിലും പരപ്പിലും വിശകലനം ചെയ്യാൻ ശേഷിയുള്ള വ്യക്തികളെ നമുക്കാവശ്യമുണ്ട്. അതിനായി നാം ആസൂത്രിതമായി പരിശ്രമിക്കും.

**? ഇന്ന് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെയും മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി അമേരിക്കൻ സാമ്രാജ്യത്വവും പാശ്ചാത്യ സാംസ്കാരികാധിനിവേശവുമാണ്. ഭീകരതയുടെ പേരിൽ ഇസ്‌ലാമും മുസ്‌ലിംകളും ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ഭർത്സിക്കപ്പെടുന്നു. ഇതിനെ നേരിടാൻ ഇസ്‌ലാമിക പ്രസ്ഥാനം എന്തു കർമപദ്ധതിയാണ് സ്വീകരിക്കുക?**

ഇതിനെ ശക്തികൊണ്ട് നേരിടാൻ സാധിക്കുമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് അബദ്ധമാണ്. ഇസ്‌ലാമികാധ്യാപനപ്രകാരം, ശാക്തിക സന്തുലനമുണ്ടെങ്കിലേ ശക്തി പ്രയോഗിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാനാവൂ. ഇപ്പോൾ രണ്ട് രീതിയിൽ അതിനെ നേരിടാൻ കഴിയും: ചിന്താപരമായും ധാർമികമായും. ഇവിടെ ഏറ്റുമുട്ടലിന്റെ പാത തെരഞ്ഞെടുക്കുന്നത് നഷ്ടമേ വരുത്തിവെക്കൂ.

**? ഈ വിഷയത്തിൽ പൊതുജനാഭിപ്രായ രൂപീകരണം, സംവാദം തുടങ്ങിയ മാർഗങ്ങൾ സ്വീകരിക്കുന്നതിനെക്കുറിച്ചും പറയാറുണ്ട്.**

സംവാദവും സംഭാഷണവും തീർച്ചയായും ഇസ്‌ലാമിന്റെ മാർഗം തന്നെയാണ്. ■